## A. P. No. 355/2007/SIC

| | |
|---|---|
| ശ്രീ. ഐസക്ക്, ഇ. ജി.,<br>ഇലവിളയിൽ ബേക്കേഴ്സ്,<br>മാർക്കററ് ജംഗ്ഷൻ, പുത്തൂർ പി. ഒ.,<br>കൊല്ലം ജില്ല-691 507. | ഹർജിക്കാരൻ |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>ജില്ലാ വിദ്യാഭ്യാസ ഓഫീസ്,<br>പത്തനംതിട്ട ജില്ല. | എതൃകക്ഷി |

### ഉത്തരവ്

ഹർജിക്കാരൻ 30-5-2007-ൽ കമ്മീഷൻ മുമ്പാകെ ഒരു രണ്ടാം അപ്പീൽ സമർപ്പിച്ചു. പ്രസ്തുത ഹർജിക്കാസ്പദമായ കാര്യങ്ങൾ ഇപ്രകാരം സംഗ്രഹിക്കാം:

ഹർജിക്കാരൻ ഒരു സ്കൂളിലെ ഹെഡ്മിസ്ട്രസ്സിന്റെ പേരുമാററവുമായി ബന്ധപ്പെട്ട് ചില രേഖകളുടെ പകർപ്പുകൾ ആവശ്യപ്പെട്ടുകൊണ്ട് 12-3-2007-ൽ എതിർകക്ഷി മുമ്പാകെ ഒരു അപ്പീൽ സമർപ്പിക്കുകയുണ്ടായി. ആവശ്യപ്പെട്ട രേഖകൾക്ക് മൂന്നു പേജുകൾ ഉണ്ടെന്നും പേജ് ഒന്നിന് 2 രൂപ വീതം അടയ്ക്കണമെന്നും നിർദ്ദേശിച്ചുകൊണ്ട് 2-4-2007-ൽ അതിന് മറുപടി നൽകപ്പെട്ടു. പ്രസ്തുത മറുപടിയിൽ തൃപ്തനാകാതെ ഹർജിക്കാരൻ 13-4-2007-ൽ ഒന്നാം അപ്പീൽ സമർപ്പിച്ചു. ഒന്നാം അപ്പീൽ ഡി. പി. ഐ.-ക്ക് അയച്ചുകൊടുക്കുകയാണെന്ന് അറിയിച്ചുകൊണ്ട് 26-4-2007-ന് മറുപടി നൽകപ്പെട്ടു. അതിൽ തൃപ്തനാകാതെയാണ് രണ്ടാം അപ്പീൽ സമർപ്പിച്ചത്.

കമ്മീഷൻ 25-7-2007-ൽ വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടു. 1-8-2007-ൽ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു. പണം അടയ്ക്കാൻ നിർദ്ദേശിച്ചിട്ടും പണം അടയ്ക്കാത്തതുകൊണ്ടാണ് രേഖകളുടെ പകർപ്പുകൾ നൽകാത്തതെന്ന് റിപ്പോർട്ടിൽ നൽകിയിരുന്ന വിശദീകരണം.

ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾ തയ്യാറാക്കുന്നതിനുള്ള ചെലവ് അപേക്ഷകൻ തന്നെ വഹിക്കണമെന്നാണ് നിയമം അനുശാസിക്കുന്നത്. അപേക്ഷകർ പ്രസ്തുത നിയമം നടപ്പിലാക്കാൻ ബാധ്യസ്ഥരാണ്. അത് പാലിക്കാത്തപക്ഷം വിവരം നൽകുന്ന പ്രക്രിയ പൂർത്തിയാക്കാനാകില്ല. അതാണ് ഈ അപ്പീലിന്റെ കാര്യത്തിൽ സംഭവിച്ചിരിക്കുന്നത്. അതിനാൽ ഈ അപ്പീൽ കമ്മീഷൻ തള്ളക്കളയുന്നു.

ഇന്നേദിവസമായ 13-12-2007-ന് കമ്മീഷൻ വിധി പ്രസ്താവിച്ചിരിക്കുന്നു.